പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം
നം. 3863

11/11/2019 ൽ മറുപടി
നല്കേണ്ടത്.

## മാനസികാരോഗ്യ പരിപാലനം

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.എ. പ്രദീപ്കുമാർ**<br>**,, എൻ. വിജയൻ പിള്ള**<br>**,, വി.കെ.പ്രശാന്ത്**<br>**,, എസ്.രാജേന്ദ്രൻ** | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വനിത-ശിശുവികസനവും വകുപ്പ് മന്ത്രി) |
| എ ) മാനസികാരോഗ്യ പരിപാലനത്തിനായി ഈ സർക്കാർ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിരിക്കുന്നതെന്ന് അറിയിക്കാമോ; | എ) ആശമാരുടെ സേവനം ഉപയോഗിച്ച് മാനസികപ്രശ്നങ്ങളും വൈകല്യങ്ങളും രോഗങ്ങളും ഉള്ളവരെ കണ്ടെത്തി അവരുടെ തൊട്ടടുത്തുള്ള കുടുംബാരോഗ്യകേന്ദ്രത്തിൽ ചികിത്സയും മറ്റു സേവനങ്ങളും ലഭ്യമാക്കുന്ന 'സമ്പൂർണ്ണ മാനസികാരോഗ്യപദ്ധതി', വിഷാദ രോഗമുള്ളവരെ കണ്ടെത്തുന്നതിനായി ആരംഭിച്ച 'ആശ്വാസം ' പദ്ധതി, ഗർഭിണികളായ സ്ത്രീകൾക്കും പ്രസവാനന്തരം അമ്മമാർക്കും പ്രത്യേക മാനസികാരോഗ്യ സേവനങ്ങൾ ലഭ്യമാക്കുന്നതിനായി ആരംഭിച്ച 'അമ്മ മനസ്സ്' ' മാതൃ ശിശു മാനസികാരോഗ്യ പരിപാടി, സംസ്ഥാനത്തെ ആത്മഹത്യാ നിരക്ക് കുറയ്ക്കുവാനായി 'ആത്മഹത്യാ പ്രതിരോധ പദ്ധതി' ആദിവാസി മേഖലകളിൽ കൂടുതലായി കണ്ടുവരുന്ന ലഹരിവസ്തുക്കളുടെ ഉപയോഗം , കുട്ടികളിലെ മാനസികപ്രശ്നങ്ങൾ ആത്മഹത്യ എന്നിവയ്ക്ക് പരിഹാരമായി നടപ്പിലാക്കുന്ന 'ട്രൈബൽ മെന്റൽ ഹെൽത്ത് സർവീസ് ' , പ്രളയാനന്തര മാനസികാരോഗ്യ പ്രവർത്തനങ്ങളുടെ ഭാഗമായി 10 ജില്ലകളിൽ നടന്നുവരുന്ന പരിരക്ഷ പദ്ധതി, ലഹരിവിമോചനത്തിനായി എക്സൈസ് വകുപ്പിന്റെ സാമ്പത്തിക സഹായത്തോടെ ആരോഗ്യ വകുപ്പ് നടപ്പാക്കുന്ന 'വിമുക്തി' പദ്ധതി എന്നിങ്ങനെ വിവിധ പദ്ധതികൾ മാനസികാരോഗ്യപരിപാലനത്തിനായി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു |
| ബി) കുട്ടികളിലെയും കൗമാരക്കാരിലെയും മാനസിക അസ്വാ | ബി) കുട്ടികളിലെ വൈകാരിക പെരുമാറ്റ പ്രശ്നങ്ങൾ, |

| | |
|---|---|
| സ്ഥ്യങ്ങൾ വിദഗ്ധ പരിശോധന നടത്തി കണ്ടെത്തുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വെളിപ്പെടുത്താമോ; | കുട്ടികളിലെയും കൗമാരക്കാരിലെയും ലഹരിവസ്തുക്കളുടെ ഉപയോഗം , ആത്മഹത്യാ പ്രവണത എന്നീ പ്രയാസങ്ങൾ പരിഹരിക്കുക എന്ന ഉദ്ദേശത്തോടെ എല്ലാ ജില്ലകളിലും 'സ്കൂൾ മാനസികാരോഗ്യപദ്ധതി'യും, പൊതുജനങ്ങൾക്കായി ജില്ലാമാനസികാരോഗ്യപരിപാടി മുഖേന മാനസികാരോഗ്യ ബോധവൽക്കരണപരിപാടികളും നടന്നുവരുന്നു. ഇതിനു പുറമെ ജില്ലാ ജനറൽ ആശുപത്രി സൈക്യാട്രി വിഭാഗത്തിന്റെ കീഴിലും കുട്ടികൾ ഉൾപ്പെടെയുള്ളവർക്ക് മാനസികാരോഗ്യസേവനങ്ങൾ ലഭ്യമാകുന്നുണ്ട്. സ്കൂൾ തലത്തിൽ അധ്യാപകർ, സ്കൂൾ കൗൺസിലർമാർ സ്കൂൾ ഹെൽത്ത് നഴ്സുമാർ എന്നിവർക്ക് മാനസികാരോഗ്യപരിശീലനം നൽകിവരുന്നു. ഇതുവഴി സ്കൂൾകുട്ടികൾക്കിടയിൽ മാനസികാരോഗ്യപ്രശ്നങ്ങളെക്കുറിച്ചും ലഹരിവസ്തുക്കളുടെ ഉപയോഗത്തിനെതിരെയും, ആത്മഹത്യാ പ്രതിരോധത്തെക്കുറിച്ചുമുള്ള ബോധവൽക്കരണം നടത്തിവരുന്നു. ദേശീയ ആരോഗ്യദൗത്യത്തിലെ സ്കൂൾ ആരോഗ്യപരിപാടിയുടേയും കൗമാരപരിപാടിയുടേയും സഹകരണത്തോടെയാണ് 'സ്കൂൾ മാനസിക ആരോഗ്യ പദ്ധതി' നടപ്പിലാക്കുന്നത്. |
| സി) പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലെ മെഡിക്കൽ ഓഫീസർമാർക്കും ജീവനക്കാർക്കും പരിശീലനം നൽകി മാനസികാരോഗ്യ സേവനം പ്രാഥമികാരോഗ്യ തലത്തിൽത്തന്നെ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; | സി) ഉണ്ട്. |
| ഡി) മാനസിക ആരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനവും ഗുണനിലവാരവും കൂടുതൽ മെച്ചപ്പെടുത്തുന്നതിനും മാനസികരോഗികൾക്കുള്ള സേവനത്തിന്റെ അടിസ്ഥാന നിലവാരം ഉയർത്തുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | ഡി) തിരുവനന്തപുരം, തൃശ്ശൂർ, കോഴിക്കോട് മാനസികാരോഗ്യകേന്ദ്രങ്ങൾക്കായി 2019-20 സാമ്പത്തിക വർഷം 615 ലക്ഷം രൂപ പദ്ധതിവിഹിതമായി വകയിരുത്തി വികസന പ്രവർത്തനങ്ങൾ നടത്തിവരുന്നു. തിരുവനന്തപുരം മാനസികാരോഗ്യകേന്ദ്രത്തിന് 275 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഡോക്ടർമാരുടെയും, നഴ്സുമാരുടെയും മറ്റ് ജീവനക്കാരുടെയും ഒഴിവുകൾ നികത്തുകയും . മാനസികരോഗ ചികിത്സക്കുള്ള എല്ലാ അവശ്യ മരുന്നുകളും മുടക്കമില്ലാതെ ലഭ്യമാക്കി രോഗികൾക്ക് നൽകുകയും ചെയ്തുവരുന്നുണ്ട്. അർഹരായ എല്ലാ മാനസിക രോഗികൾക്കും പെൻഷൻ ലഭിക്കുന്നതിനുള്ള അവശതാ സർട്ടിഫിക്കറ്റ് മെഡിക്കൽ ബോർഡുവഴി നൽകിവരുന്നു. രോഗം ഭേദമായിട്ടും ആശുപത്രിയിൽ കഴിഞ്ഞിരുന്ന അന്യസംസ്ഥാനങ്ങളിലേതുൾപ്പെടെയുള്ള രോഗികളെ 'ദിബാനിയൻ' എന്ന സന്നദ്ധ |

സംഘടനയുമായി ചേർന്ന് അതാത് വീടുകളിലെത്തിക്കുകയോ പ്രത്യേകം സജ്ജീകരിക്കപ്പെട്ട വീടുകളിൽ പുനരധിവസിപ്പിക്കുകയോ ചെയ്തുവരുന്നു. എല്ലാ ജീവനക്കാർക്കും പരിശീലനം നൽകുന്നതിന് ഫണ്ട് വകയിരുത്തുകയും പരിശീലന പരിപാടി തുടങ്ങുകയും ചെയ്തിട്ടുണ്ട്. 1870 ൽ പ്രവർത്തനമാരംഭിച്ച തിരുവനന്തപുരം മാനസികാരോഗ്യ കേന്ദ്രം 2020 ൽ 150 വർഷം ആഘോഷിക്കുന്നതിന്റെ ഭാഗമായി സമഗ്രമായ വികസനം മുൻനിർത്തി മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതിന് കിറ്റ്കോയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

തിരുവനന്തപുരം മാനസികാരോഗ്യകേന്ദ്രത്തിൽ ന്യൂദില്ലി ആൾ ഇൻഡ്യാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസുമായി സഹകരിച്ച് വിവിധ കേന്ദ്രങ്ങൾ പങ്കെടുക്കുന്ന ഗവേഷണ പദ്ധതികൾക്ക് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ആധുനിക സൈക്യാട്രി വാർഡ് നിർമ്മാണം പുരോഗമിക്കുകയാണ്. ആശുപത്രി വികസനസമിതിയും നിയമസഭാ ഉറപ്പുകളുടെ സമിതിയും, ജില്ലാ ജഡ്ജ് ചെയർമാനായുള്ള മോണിറ്ററിംഗ് കമ്മിറ്റിയും ശുപാർശ ചെയ്തുള്ള പ്രകാരം വികസന പ്രവർത്തനങ്ങൾക്ക് സഹായകരമായ നിലയിൽ മെന്റൽ ഹെൽത്ത് ഇൻസ്റ്റിറ്റ്യൂട്ട് ആൻഡ് റിസർച്ച് സെന്റർ ( MHIRC) എന്ന് പുനർ നാമകരണം നടത്തുന്നതിനുള്ള നടപടിക്രമങ്ങൾ സർക്കാരിന്റെ പരിഗണനയിലാണ്.

സെക്ഷൻ ഓഫീസർ